(ബി) ഈ അദ്ധ്യയന വർഷം പ്രൈവറ്റായി രജിസ്റ്റർ ചെയ്ത 78887 വിദ്യാർത്ഥികളുടെയും ഓപ്പൺ സ്കൂൾ റഗുലർ സ്കീമിലെ 5195 വിദ്യാർത്ഥികളുടെയും, രജിസ്ട്രേഷൻ, ഐഡന്റിറ്റി കാർഡ് വിതരണം, പഠന സാമഗ്രികളുടെ വിതരണം, പ്രൈവറ്റ് രജിസ്ട്രേഷൻ, ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷ എന്നിവ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഇതിലേക്കായി ഓപ്പൺ സ്കൂൾ ഹെഡ് ക്വാർട്ടേർസിലെയും ജില്ലാ കേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ജീവനക്കാരുടെ സേവനം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം വർഷത്തേയ്ക്കുള്ള പഠന സഹായികൾ പുതുക്കിയ സിലബസ് അനുസരിച്ച് പ്രഗത്ഭരായ അധ്യാപകരെകൊണ്ട് തയ്യാറാക്കുകയും ജൂലായ് മാസത്തിൽ തന്നെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിലേക്കായി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

129 [748] ശ്രീ. വി. കെ. ചന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ജില്ലയിൽ എൽ. പി./യു. പി. അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ ദിവസ കൂലി അടിസ്ഥാനത്തിൽ ആരെങ്കിലും ജോലി നോക്കുന്നുണ്ടോയെന്നും; എങ്കിൽ എത്ര പേരാണ് എന്നും അറിയിക്കാമോ;

(ഡി) ഇപ്പോഴുള്ള മുഴുവൻ ഒഴിവുകളിലെയും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 501 പേർക്ക്

(ബി) 123 ഒഴിവുകൾ

(സി) ഉണ്ട്. ദിവസ കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെനിയമിക്കുന്നത് ഹെഡ്മാസ്റ്റർ, പി.റ്റി.എ. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിയാണ്. ആയതിനാൽ ഇത് സംബന്ധിച്ച് കൃത്യമായ കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഡി) പി. എസ്. സി. മുഖേന നികത്തേണ്ട ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി പി. എസ്. സി.-യ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly